# നവോത്ഥാനം പുതുവഴികൾ തേടി : പ്രഭാഷണ പരമ്പര

### ആറാമത്തെ പ്രഭാഷണം

## എം. ജി. എസ്. നാരായണൻ

വേദിയിലും സദസ്സിലും ഇരിക്കുന്ന എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ, നവോത്ഥാനം എന്താണെന്ന് നമുക്ക് ചെറിയ ഒരു വിവരനം ലഭിച്ചു കഴിഞ്ഞു. വാസ്തവത്തിൽ ഓരോ തലമുറയും ഒരു ചെറിയ നവോത്ഥാനം നടത്തുന്നതാണ്. കാരണം കാലം തുടർച്ചയാണെങ്കിൽ പോലും ചിലതൊക്കെ പഴകിപ്പോകും, ചിലതൊക്കെ മറന്നു പോകും, ചില കാര്യങ്ങൾക്ക് പ്രസക്തിയില്ലാണ്ടാകും,പുതിഉയ കാര്യങ്ങൾക്ക് പ്രസക്തിയുണ്ടാകും. അപ്പോൾ നവോത്ഥാനം ചെറിയ തോതിലെങ്കിലും നടത്തിയല്ലാതെ മുന്നോട്ട് പോകാൻ സമൂഹത്തിന് സാധ്യമല്ല. കേരളത്തിലാണെങ്കിൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് തന്നെ അറബിക്കടലിന്റെ കരയിലും അങ്ങേയറ്റത്ത് പശ്ചിമഘട്ട പാർവത നിരകൾ ഇതിന്റെ രണ്ടിനുമിടയിലായി ഫലഭൂയിഷ്ടിയുള്ള ഒരു ഭൂമി. ഇതൊക്കെയുള്ളതുകൊണ്ടും ഒരുപാട് മലംച്ചരക്കുകൾ പെരിയാരിലൂടെയും പേരാറിലൂടെയും മറ്റ് നാല്പ്പതിനാല് നദികളിലൂടെയും ഒഴുകിവന്നു നമ്മുടെ തുറമുഖങ്ങളിൽ നിന്ന് ലോകത്തിന്റെ നാനാഭാഗത്തെക്കും പോകുന്നതുകൊണ്ടും കേരളം എന്നും ലോകവിപണിയുടെ മധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആദ്യകാലം മുതൽക്കു തന്നെ കേരളത്തിലെത്തിയ ആളുകൾ ഗ്രീക്ക് നാവികന്മാർ ഹിപ്പാലസ് ആണ് മുജരി എന്ന തുറമുഖത്തെത്തി.അത് കുരുമുളകിന് വേണ്ടി ആയിരുന്നു എന്നും ഗ്രീക്ക് എഴുത്തുകാർ അതായത് പ്രീമി, എഴുതി വച്ചിട്ടുണ്ട്.അത് ശരിയാണ് പക്ഷെ നമ്മളെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമായ ഒരു കാര്യമല്ല. നമ്മളെ സന്ബന്ധിചിടത്തോളം കുരുമുളക് വളരെ അത്യാവശ്യമായ ഒരു കാര്യമായിരുന്നില്ല, നമ്മൾ എരിവിനായി ഉപയോഗിച്ചിരുന്നത് കപ്പല് മുളകോ കാന്താരി മുളകോ ഒക്കെയായിരുന്നു. എങ്കിലും കുരുമുളകിന് മറ്റൊരു തരത്തിൽ മറ്റു രാജ്യങ്ങളിൽ വളരെയധികം വിലയുണ്ടായിരുന്നു. നമുക്കത് മനസിലാക്കാൻ ഒരുപാട് കാലമെടുത്തു. യൂറോപ്പിലെ ശൈത്യ രാജ്യങ്ങളിൽ ചിലപ്പോൾ നാലും അഞ്ചും അടി ഉയരത്തിൽ മഞ്ഞു വീഴുന്ന കാലങ്ങളിൽ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണ് അപ്പോൾ ആവർ ചെതിരുന്നത് അവരുടെ കന്നുകാലികളിൽ മുക്കാൽ ഓഹാരിയോളമെങ്കിലും കൊന്നൊടുക്കും എന്നിട്ട് അതിനെ മാംസം ഏതെങ്കിലും വലിയ കെട്ടിടത്തിന്റെ നടുക്കുള്ള മുറിയിൽ പൂട്ടി വെയ്ക്കും

മൂന്നു നാല് മാസത്തേയ്ക്ക് അതാണ് ഭക്ഷണം. കുറച്ച് നാൾ ഈ പഴയ മാംസമാണ് കഴിയ്ക്കേണ്ടത്. അപ്പോൾ സുഖമായി ജീവിക്കണമെങ്കിൽ അപകടകരമല്ലാത്ത രീതിയിൽ ജീവിയ്ക്കണമെങ്കിൽ അവർക്ക് രണ്ട് കാര്യങ്ങൾ ആവശ്യമായിരുന്നു. ഒന്ന് ഉപ്പ് രണ്ട് കുരുമുളക്. ജർമനി ആയാലും ഫ്രാൻസ് ആയാലും പലഭാഗങ്ങളിലും കുരുമുളകിന് വലിയ വിലയായിരുന്നു അങ്ങനെയാണ് നമുക്ക് അതിന് വിലയുണ്ടെന്ന് മനസിലാക്കിയത്. അപ്പൊഴും നമ്മൾ ഭക്ഷണത്തിൽ അത് ഉപയോഗിച്ചിരുന്നില്ല പിന്നീട് ഈ ഒരു പ്രയോജനം ഇതിനുണ്ടെന്നു തിരിച്ചറിവിലൂടെ പലരും ഇവിടെ വന്നു മുജരി പോലുള്ള തുറമുഖങ്ങളിൽ വന്നു എത്തിയപ്പോഴാണ് കേരള ചരിത്രം എത്രമാത്രം ഈ ചെറിയ കറുത്ത പോന്നുമായിട്റ്റ് കടപ്പെട്ടിരിക്കുന്നു എന്ന് മനസിലാക്കിയത്. കേരളത്തിലുണ്ടായ യുദ്ദങ്ങൾ മുഴുവൻ കുരുമുളകിന് വേണ്ടിയായിരുന്നു. അതിലൂടെയാണ് കേരള ചരിത്രം തന്നെ എന്ന് പറയാവുന്നത്.കടലുകൾ പരസ്പരം രാജ്യങ്ങളെ വേർതിരിയ്ക്കുന്നു എന്ന് നമുക്ക് ഒറ്റ നോട്ടത്തിൽ തോന്നാം.ഇപ്പൊ കരയിലെ ദൂരെയുള്ള ഒരു രാജ്യത്തെ ബന്ധപ്പെടുന്നതിലും എളുപ്പം കടലിനോട് ചേർന്ന സ്ഥലവുമായി ബന്ധപ്പെടുന്നതായിരിക്കും. ഇപ്പൊ അറബിക്കടലിന്റെ അപ്പുറത്ത് പായ്ക്കപ്പലുകൾക്ക് എത്തണമെങ്കിൽ വെറും നാൽപ്പത് ദിവസമേ ആവശ്യമായിരുന്നുള്ളൂ. കരയിലാനെകിൽ ഹിമാലതിന്റെ അടുത്ത പോകണമെങ്കിൽ മാസങ്ങൾ ആവശ്യമായി വരും.അങ്ങനെ നമ്മുടെ രാജ്യങ്ങളെ തമ്മിൽ അടിപ്പിക്കുന്ന ഒരു പ്രാഭവം ഉണ്ടായിരുന്നതുകൊണ്ട് കേരളം ലോകത്തിന്റെ നടുക്ക് തന്നെയാണ് എന്ന് മനസ്സിൽ തട്ടി പറയാൻ പറ്റുന്നത്.അപ്പൊ കുരുമുളകിന് പുറം രാജ്യങ്ങളിൽ നല്ല വില കിട്ടുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് വാസ്കോഡ ഗാമയെപ്പോലെ യൂറോപ്പിന്റെ നടുക്ക് നിന്ന് പടിഞ്ഞാറേ ഭാഗത്തുള്ള കാപ്പാട് വരുമ്പോ അത് കുരുമുളകിന് വേണ്ടിയായിരുന്നു.അദ്ദേഹത്തിന്റെ മൂനുകപ്പലുകളിൽ ഒന്നിലെങ്കിലും അതിനെപ്പറ്റി നല്ല വിവരമുള്ള ആളുകൾ ഉണ്ടായിരുന്നു.അവരുടെ ദിനസരി എഴുതി കുറിപ്പും നൽകിയിട്ടുണ്ടായിരുന്നു. ഇങ്ങനെയാണ് നമ്മുടെ സമൂഹങ്ങളുടെ സഹവർത്തിത്വം സാധ്യമായത്. മധ്യകാല ശതകങ്ങളിൽ ക്രിസ്തുമതത്തിന്റെ പശ്ചാത്തലത്തിൽ ഇസ്ലാം മതം കൂടി വന്നപ്പോ അവർ തമ്മുൽ തർക്കങ്ങളുണ്ടായി. അതാണ് കുരിശു യുദ്ദങ്ങൾ. പക്ഷെ ആ കുരിശു യുദ്ദങ്ങൾ നടന്ന കാലത്ത് പോലും കേരളത്തെ സംബന്ധിച്ചിടത്തോളം അവർ തമ്മിൽ മത്സരത്തെക്കാൾ അധികം സൌഹൃധമായിരുന്നു. അതുകൊണ്ടാണ് കേരളത്തിൽ വർഗീയത എന്ന് പറയുന്ന കലഹങ്ങൾ കൂടുതൽ ഉണ്ടാകാത്തത്. ഇവിടെ പോർച്ചുഗീസുകാർ വന്നപ്പോൾ അവരെ വിദേശികലാണെന്ന് പറഞ്ഞ് അവർക്കെതിരായിട്ട് ഒരു ജിഹാദ് നടത്താനാണ് ഇവിടെ ശ്രമം ഉണ്ടായത്.

VAIKOM MOULAVI FOUNDATION TRUST KNOWLEDGE IS POWER

സാമൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നായന്മാരും മാപ്പിളമാരും ചേർന്നു പോർച്ചുഗീസുകാർക്കെതിരെ ജിഹാദ് നടതനമെന്നാണ് തോഫതുൽ മുജാഹുദ്ദീൻ മുതലായ ഗ്രന്ഥങ്ങളിൽ പറയപ്പെടുന്നത്. അതായത് ഹിന്ദു മുസ്ലിം സമുദായങ്ങൾ തമ്മിൽ വളരെ അടുത്ത പെരുമാറ്റവും ഐക്യവും അതിലൂടെയുള്ള വിധ്യാപരമായ സമൃദ്ധിയും രാജ്യതുണ്ടായിരുന്നു ഇന്ന് കേരളമാതൃക എന്ന് പറയുന്നത് എല്ലാം നല്ലത് തന്നെയാണോ എന്നുള്ള ഒരു വീണ്ടുവിചാരം നമുക്കാവശ്യമാണ്. അതാണ് സമൂഹങ്ങളുടെ സഹവർത്തിത്വം എന്നാ മാത്രികയെപ്പറ്റി നാം ഒരു വിചാരണ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് പല സമൂഹങ്ങളും അന്യോന്യം കലഹിക്കുന്നുണ്ട്, സഹ്യം നിലനിർത്തുന്നുണ്ട്, കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് പഴയമാതിരിയുള്ള വാണിജ്യ സമൃദ്ധി ഇന്നുണ്ടാകുന്നില്ല കാരണം ഒരുകാലത്ത് കൊടുങ്ങല്ലൂരാണ് മുജരീസ് അല്ലെങ്കിൽ മുസ്സീസ് എന്ന് പറയുന്ന തുറമുഖങ്ങൾ അന്യരാജ്യങ്ങലുമായി ബന്ധപ്പെട്ടിരുന്നതെങ്കിൽ ഇന്നിപ്പോൾ അതല്ല കൊച്ചിയുന്ദ്, വടക്ക് കണ്ണൂർ ഉണ്ട്. വിഴിഞ്ഞമുണ്ട് കൊല്ലമുണ്ട്. അങ്ങനെയൊക്കെ ഉണ്ടായിട്ടും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കിയാൽ പഴപോലുണ്ടായിരുന്ന സൌഹൃദങ്ങൾ ഒന്നും തന്നെയില്ല അതുകൊണ്ടാണ് നവോത്ഥാനത്തിനു പുതുവഴികൾ നാം തെടെണ്ടിയിരിക്കുന്നത് എന്ന് പറയേണ്ടി വരുന്നത്. കാരണം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോട് കൂടി ഇവിടെ ജന്മിത്വം നാടുവാഴിത്വമോക്കെ അവസാനിപ്പോക്കണമെന്ന് അന്ന് പുരോഗമന ചിന്തകൾ കൊണ്ട് നടന്നിരുന്ന ആളുകൾ തീരുമാനിച്ചു പക്ഷെ ഈ പുരോഗമന വാദക്കാർ തന്നെ കുറച്ച് കഴിഞ്ഞപോൾ കുഴപ്പത്തിലായി. അതായത് പഴയ നാടുവാഴിത്വവും ജന്മിത്വവും മാറിക്കഴിഞ്ഞാൽ സമത്വസുന്ദരമായ സോഷ്യലിസ്റ്റ് കമ്മുനിസ്റ്റ് ഉണ്ടാകുമെന്നാണ് പലരും ധരിച്ചിരുന്നത്. അത് വെറും തെറ്റിധാരണ ആയിരുന്നു ഒരു രാജ്യത്തും അങ്ങെനെ ഉണ്ടായിട്ടില്ല. പഴയ ഫ്യൂടൽ നാടുവാഴിത്വം നശിച്ചാൽ പിന്നീടുണ്ടാകുന്നത് മുതലാളിത്വം എന്ന് പറയുന്നത്. അപ്പോൾ അവർ സമത്വ സുന്ദരമായ സോഷ്യലിസ്റ്റ് കമുനിസം വരുമെന്ന് പ്രതീക്ഷിചിരുന്നപ്പോൾ കുറച്ച് കഴിഞ്ഞപ്പോൾ അങ്ങനെയല്ല നടക്കുന്നതെന്നു മനസിലായി. മാത്രമല്ല ഈ നശിച്ചുപോയ ജന്മി നാടുവാഴിത്വത്തിൽ നിന്ന് പുതിയ തൂലികകൾ ഒന്നും കിട്ടിയില്ല, വ്യവസായവൽക്കരണം നടന്നില്ല, നടന്നവയിലാനെങ്കിൽ ജനങ്ങളെ കൂടുതൽ അസമാത്വതിലെക്ക് നയിക്കുന്നതായി തോന്നിയതുകൊണ്ടാണ് അതിന്റെ ഗതി മന്ധീഭവിച്ചത്. പഴയ നാടുവാഴി സമ്പ്രദായം നശിക്കുകയും ചെയ്തു, പുതിയ ഒരു സമത്വ അധിഷ്ട്ടിതമായ മോഹം ഉണ്ടാകുകയും ചെയ്തില്ല, അങ്ങനെ കേരളീയരായ ജനങ്ങൾക്ക് തോഴിളില്ലാണ്ടായി. അവർ നാടുവിട്ടു പോകേണ്ടി വന്നു. അതാണ് കേരളത്തിന്റെ വിദേശരാജ്യത്തെക്കുള്ള കുടിയേറ്റത്തിനു കാരണം. അത് വലിയ തോതിൽ നടക്കുകയുണ്ടായി.

പത്തൊൻപതാം നൂറ്റാണ്ട് എന്ന് പറഞ്ഞാൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽക്കു തന്നെ ഗൾഫ് രാജ്യങ്ങളിലേക്ക് ആഫ്രിക്കയിലേക്ക് അമേരിക്കയിലേക്ക് ഒക്കെ ഒരുപാട് കുടിയേറ്റം നടന്നു. പിന്നീട് നമ്മൾ അഭിമാനിക്കുന്നെങ്കിൽ പോലും അന്ന് ഗതികെട്ടാണ് ആളുകൾ അങ്ങനെ ചെയ്തത്. കല്ലകപ്പല് കയറിയാണ് അന്നൊക്കെ പോയിരുന്നെ. പലരും ഇതിനിടയി മുങ്ങി മറിച്ച് പലരും എവിടെയൊ എത്തിച്ചേർന്നു, പലയിടത്തും ജീവിതത്തിനുള്ള സൗകര്യം ഉണ്ടായില്ല, പെണ്ണാളും അതിന്റെ ഭലമായി പല രാജ്യങ്ങളിലേക്കും കുടിയെരിപ്പാർക്കുകയും ചെയ്തു. ഇവിടുന്നു ആദ്യം പോയിരുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിലൊക്കെ അവിടതെ ആളുകൾക്ക് പലർക്കും അറിയാതിരുന്ന തൊഴിലുകൾ ചെയ്താണ് നമ്മുടെ ആളുകൾ അവിടെ കയറിപ്പറ്റിയത്. പിന്നെ അവർക്ക് വിദ്യാഭ്യാസത്തിന്റെയും വാണിജ്യതിലെയ്ക്കുള്ള സംബർക്കവുമോക്കെയായപ്പോൾ അവിടെ നിന്ന് ഈ കുടിയേറിയവർ തിരികെ വരേണ്ടി വന്നു. ഒരിക്കൽ കേരളത്തിൽ നിന്ന് പുരതുപോയിരുന്ന ആളുകൾ ഇന്ന് തിരികെ വരാൻ നിർബന്ധിതരായിരിക്കുന്നു. വരുമ്പോൾ അവരെ സ്വീകരിക്കാൻ പോലും നമ്മൾ ഒന്നും ചെയ്തിട്ടില്ല, കേരളത്തിൽ നിന്ന് നാടുവിട്ട് ഗൾഫിലേക്ക് പോയ ആളുകളെ വീണ്ടെടുക്കാൻ നമ്മൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. അതുകൊണ്ട് നമ്മുടെ സാമ്പത്തിക പ്രശ്നം സംമൂഹ്യപ്രശ്നം എന്നിവ ഉണ്ടാകുന്നുവലാരെ സങ്കീർണമായി മാറി, ഈ സന്ദർഭത്തിലാണ് നമ്മൾ നവോതാനത്തെ കുറിച്ച ചിന്ധിക്കേണ്ടാത് പുതിയ വ്യവസായ വൽക്കരണത്തിന്റെ മാർഗങ്ങൾ നമുക്കുണ്ടാകാൻ കഴിയണം. അത് മുതലാളിത്വതിലൂടെയാവനം എന്ന് നമ്മൾ ആഗ്രഹിക്കരുത് പക്ഷെ അങ്ങനെ ആകാതെ ഇരിക്കാൻ നിവര്തിയുമില്ല. നമ്മൾ കമ്മ്യൂനിസവുംസോശ്യളിസവുമൊക്കെ പറയുന്നുണ്ടെങ്കിലും ആ തരത്തിലുള്ള സമത്വ ഭാവന വളർന്നിട്ടുണ്ടെന്ന് വിശ്വസിക്കാനാവില്ല. ഈ പ്രത്യേക പ്രതിസന്ധിയിൽ സമൂഹങ്ങൾക്ക് എങ്ങനെ സൌഹൃധതോടുകൂടി സഹവർത്തിത്വം നിലനിർത്താനും വളർത്താനും കഴിയും എന്നാണ് ആലോചിക്കേണ്ടത്. ഒരുപക്ഷെ നമുക്കത് സാധിച്ചേക്കാം പക്ഷെ നാം ബോധപൂർവം ബോധവല്കരണം ജനങ്ങൾക്കിടയിൽ നടത്തുകയും ചെയ്യണം, നമുക്കുള്ള സാക്ഷരത നമ്മുടെ മാത്രം പ്രയത്നം കൊണ്ടുണ്ടായതല്ല.വിദേശ മേശിനരിമാരും ക്രിസ്തിയൻ മാഷിനരിമാരും ലണ്ടൻ മിഷന്റെ പ്രവര്തകന്മാരായ ആളുകൾ അവരോക്കെകൂടിയാണ് കേരളത്തിന്റെ തൊണ്ണൂറു ശതമാനത്തോളം കിട്ടാൻ കാരണം. ഇന്നിപ്പോ പത്രങ്ങളുടെ പ്രചാരം അച്ചടികളുടെ പ്രചാരം അതുപയോഗപ്പെടുതിയിട്ട് നമുക്കെന്താണ് ചെയാൻ കഴിയുക, എങ്ങനെയാണ് സമൂഹങ്ങളുടെ സഹവർത്തിത്വതെ അവ തമ്മിലുള്ള മത്സരതിലെതിക്കുന്നതിനു പകരം അവ തമ്മിലുള്ള സഹകരനതോടുകൂടി പുതിയ വ്യവസായ പ്രവർത്തനങ്ങളിലേക്ക് വ്യാപിക്കുവാൻ സാധിക്കുക എന്ന്

ചിന്ധിക്കേണ്ടതാത്, സാധ്യമില്ലാതെ വരണമെന്നില്ല കാരണം കേരളത്തിന് പ്രകൃതി സിദ്ധമായ വിഭവങ്ങൾ ധാരാളമുണ്ട്, മട്ടുരാജ്യങ്ങളിൽ ഇല്ലാതതുന്ദ്. അത് മലംപ്രധേഷങ്ങലിലാണ് അധികം ഉള്ളത്. എങ്കിലും അവിടെ നിന്ന് നാല്പ്പതിനാല് നദികൾ ഒഴുകി വരുന്നുണ്ട് പശ്ചിമഘട്ടത്തിൽ നിന്ന് അറബിക്കടലിലേക്ക് ഒഴുകുന്ന നദികൾ വഴി മലംപ്രദേശങ്ങലിലുള്ള മലംച്ചരക്കുകൾ ചന്ഗാടങ്ങളിലും പുഴകളിലൂടെയൊക്കെ ഒഴുകി വന്ന് തുറമുഖങ്ങളിൽ എത്തിച്ച്, അത് കോഴിക്കോട് മാത്രമല്ല,പല സ്വാഭാവിക തുറമുഖങ്ങളിലൂടെ വരും ചെറിയ ഒരു ബുദ്ധിമുട്ട് എന്താണെന്നാൽ കാലവർഷക്കാറ്റ് അടിക്കുമ്പോൾ വർഷത്തിന്റെ ആദ്യത്തെ മൂന്നു നാല് മാസങ്ങളിൽ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടടിക്കും. അപ്പൊ പായക്കപ്പലിന്റെ സഹായത്തോടെ എതിചെരുമായിരുന്നു. അതുകഴിഞ്ഞുള്ള മഴയും കൊളുമോക്കെയുണ്ടാകുമ്പോ ആ കപ്പലുകൾക്ക് ഇവിടെ നിൽക്കാൻ പറ്റില്ല. തിരയടിച്ചു തകർന്നു പോകുന്നു. അതുകൊണ്ട് അവയ്ക്ക് സമുദ്രം കുറച്ചെങ്കിലും അകത്തേയ്ക്ക് കടന്ന് നിൽക്കുന്ന തരത്തിലുള്ള സ്ഥലം ആവശ്യമായിരുന്നു,അതാണ് പന്തലായനി പോല്കൊല്ലം പോലുള്ള സ്ഥലങ്ങൾ തുരമുഖങ്ങലാക്കി മാറ്റിയെടുത്തത് അങ്ങനെ കുറച്ച് തുറമുഖങ്ങൾ ഇപ്പൊ നമുക്കുണ്ട്. ഇതിന്റെ ഭലമായി സ്വാഭാവികമായി പ്രകൃതി സിദ്ദമായ രീതിയിൽ തന്നെ നമുക്ക് സമൂഹങ്ങളുടെ ഒരു സഹവർത്തിത്വം ഉണ്ടായിട്ടുണ്ട്. നമ്മുടെ ആളുകൾ പുരതുപോയിട്ടുന്ദ്, മറ്റുള്ളവർ ഇവിടെ വന്നിട്ടുണ്ട്, അംഗനെയുള്ള ഒരു കൊള്ളകുടുക്കിലൂടെ ഒരു ലോക പൌരത്വതിനുള്ള അവകാശം നമ്മൾ സൃഷ്ട്ടിചിട്ടുണ്ട്. അത് എത്രമാത്രം പ്രായോഗികമാകാൻ കഴിയും, നിലനിർത്താൻ കഴിയും എന്നാണ് ഇനി ചിന്തിക്കേണ്ടത്. അതിന് ഇന്നത്തെ ഈ പരിപാടി ഒരു തുടക്കമാകട്ടെ എന്നാശംസിച്ചുകൊണ്ട് ഞാനെന്റെ സംഭാഷണം അവസാനിപ്പിക്കുന്നു.

VAKKOM MOULAVI FOUNDATION TRUST
KNOWLEDGE IS POWER